# കൊളമ്പൻ മുഹമ്മദ് ബാവ



എടയൂരിൽ ഈയിടെ നിര്യാതനായ കൊളമ്പൻ മുഹമ്മദ് എന്ന ബാവ ഏറെക്കാലം ജമാഅത്ത് ഹൽഖാ കേന്ദ്രത്തിൽ സേവനമനുഷ്ഠിച്ചിരുന്നു. മർഹൂം ഹാജി വി.പി മുഹമ്മദലി സാഹിബിന്റെ അയൽവാസിയായിരുന്ന ബാവ ജമാഅത്ത് കേന്ദ്രം എടയൂരിൽ ആരംഭിച്ചപ്പോൾ ഇടക്കിടെ അവിടെ ജോലി ചെയ്യാറുണ്ടായിരുന്നു.

പിന്നീട് 1953-ൽ *പ്രബോധനം* പ്രസ്സ് എടയൂരിൽ ആരംഭിച്ചതു മുതലാണ് ഹൽഖാ കേന്ദ്രത്തിലെ സ്ഥിരം ജോലിക്കാരനായത്. പ്രസ്സിൽ സിലിണ്ടർ പ്രിന്റിംഗ് മെഷീൻ സ്ഥാപിച്ച സമയത്ത് എടയൂരിൽ കറന്റുണ്ടായിരുന്നില്ല. പ്രസ്സ് ചലിപ്പിക്കാൻ ഹാജിസാഹിബ് പലരെയും പരീക്ഷിച്ചു നോക്കിയെങ്കിലും ബാവക്ക് മാത്രമേ അതു സാധിച്ചുള്ളൂ. അനായാസം അദ്ദേഹം അതു തിരിക്കുമായിരുന്നു. പ്രസ്സിലെ വിവിധ ജോലികൾക്കുപുറമെ ജമാഅത്ത്, *പ്രബോധനം*, ഐ.പി.എച്ച് ഓഫീസുകളിലെ ജോലിയും ചെയ്യുകയുണ്ടായി. സുബ്ഹ് മുതൽ ഇശാഅ് വരെ നിരന്തരം ജോലിയിലായിരിക്കും. അടിയന്തരാവസ്ഥക്കു ശേഷം ഖത്തറിൽ ഒരു ജോലി കിട്ടിയപ്പോഴാണ് ഹൽഖാ കേന്ദ്രത്തിൽനിന്ന് ഒഴിവായത്. അടിയന്തരാവസ്ഥാ കാലത്ത് അബ്ദുൽ അഹദ് തങ്ങൾ *ബോധനം ഡൈജസ്റ്റ്* പ്രസിദ്ധീകരിച്ചിരുന്നപ്പോൾ അദ്ദേഹത്തെ സഹായിക്കാനും ബാവയുണ്ടായിരുന്നു. മരിക്കുമ്പോൾ വിധവയായ ഒരു മകളും അവരുടെ മകളും അദ്ദേഹത്തിന്റെ സംരക്ഷണത്തിലായിരുന്നു. അദ്ദേഹത്തിന്റെ വീഴ്ചകൾ അല്ലാഹു പൊറുത്തുകൊടുക്കുകയും മഗ്ഫിറത്തും മർഹമത്തും നൽകി ജന്നാത്തുൽ ഫിർദൗസിൽ അദ്ദേഹത്തിനും നമുക്കും ഇടംനൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**ടി. സലീം, എടയൂർ**

# മുഹമ്മദ് അബ്ദുൽഖാദിർ



തിരുവനന്തപുരം ജില്ലയിലെ ഓടയത്തെ ആദ്യകാല ഇസ്‌ലാമിക പ്രവർത്തകൻ മുഹമ്മദ് അബ്ദുൽഖാദിർ സാഹിബ്(97) നിര്യാതനായി - *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

പതിനഞ്ചു വർഷമായി പക്ഷാഘാതം വന്ന് ശരീരം തളർന്നെങ്കിലും മനസ്സ് സദാ കർമോത്സുകമായിരുന്നു. ഓടയത്തെ മിസ്കീൻ തെരുവ് മസ്ജിദ് അദ്ദേഹത്തിന്റെ കൂടി ശ്രമഫലമായി ഉയർന്നു വന്നതാണ്. വക്കം അബ്ദുൽഖാദിർ മൗലവി, ശ്രീനാരായണഗുരു തുടങ്ങിയവരുടെ സുഹൃത്തും സഹചാരിയുമായിരുന്നു. മഖ്ദി തങ്ങളുടെ 'കഠോരകുഠാര'ത്തിലെ മിക്ക ഭാഗങ്ങളും മനഃപാഠമായിരുന്നു. *പ്രബോധനം* പഴയ ലക്കങ്ങൾ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. അർഹരായ രോഗികളെ കണ്ടെത്തി മെഡിക്കൽ കോളേജിലെത്തിച്ച് അവർക്ക് വേണ്ട ചികിത്സ ലഭ്യമാക്കുമായിരുന്നു. മെഡിക്കൽ കോളേജിലെ മിക്ക ഡോക്ടർമാരും സ്റ്റാഫും പരേതന്റെ സുഹൃത്തുക്കളാണ്.

മസ്കത്തിലെ ഇസ്‌ലാമിക പ്രവർത്തകൻ എം.എ.കെ ഷാജഹാൻ ഉൾപ്പെടെ 3 ആൺമക്കളും 2 പെൺമക്കളും ജീവിച്ചിരിപ്പുണ്ട്. അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.

**എ.ആർ.ബി തങ്ങൾ**

# കെ.വി ഈസ മാസ്റ്റർ



ജമാഅത്തെ ഇസ്‌ലാമി ഉളിയിൽ കാർകുൻ ഹൽഖയിലെ സജീവ പ്രവർത്തകനും പണ്ഡിതനുമായിരുന്നു ഈയിടെ വിടപറഞ്ഞ കെ.വി ഈസ മാസ്റ്റർ.

അദ്ദേഹം താമസിച്ചിരുന്ന ആവിലാട് പ്രദേശം കുടിവെള്ളക്ഷാമത്തിന്റെ പിടിയിലായിരുന്നു. സോളിഡാരിറ്റി ഉളിയിൽ യൂനിറ്റ് വെള്ളം വിതരണം ചെയ്യാൻ തീരുമാനിച്ചു. ചില സാങ്കേതിക കാരണങ്ങളാൽ കുറച്ചു താമസിച്ചുപോയി. അതിനെതിരെയുള്ള ധാർമികരോഷമായിരുന്നു മരണത്തിന്റെ തലേദിവസം നടന്ന സംയുക്ത യോഗത്തിന്റെ അധ്യക്ഷനായ ഈസ മാസ്റ്ററുടെ പ്രസംഗം മുഴുവൻ. അടുത്ത ദിവസം തന്നെ അദ്ദേഹത്തിന്റെ മയ്യിത്ത് കുളിപ്പിക്കാൻ വെള്ളം ചുമന്നു കൊണ്ടുവരുന്നത് കണ്ടപ്പോൾ മനസ്സ് വിങ്ങിപ്പോയി.

പ്രൈമറി അധ്യാപകനായി ജോലിയാരംഭിച്ച അദ്ദേഹം പിന്നീട് ജോലി രാജിവെച്ച് വിദേശത്ത് പോയി. തിരിച്ചുവന്ന് കുറച്ച് കാലം വാടാനപ്പള്ളി ഇസ്‌ലാമിയാ കോളേജിൽ അധ്യാപകനായി. മരിക്കുമ്പോൾ ഉളിയിൽ ഐഡിയൽ കോളേജിൽ അധ്യാപകനായിരുന്നു. രണ്ട് ഭാര്യമാരും അഞ്ച് ആൺകുട്ടികളും ആറ് പെൺകുട്ടികളും അടങ്ങുന്നതാണ് ഈസ മാസ്റ്ററുടെ കുടുംബം. കുടുംബത്തെ പ്രാസ്ഥാനികമായി വളർത്തുന്നതിൽ അദ്ദേഹം വിജയിച്ചു. അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കട്ടെ - ആമീൻ.

**പി.സി മുനീർ, ഇരിട്ടി**



# അബ്ദുൽ വഹാബ്

കായംകുളത്തെ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനും എം.ജി യൂനിവേഴ്സിറ്റി സെഷൻ ഓഫീസറുമായിരുന്ന കൊറ്റുകുളങ്ങര മീനത്തേരിൽ ഫാത്വിമാ മൻസിലിൽ അബ്ദുൽ വഹാബ്(46) നിര്യാതനായി - *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

ഒരു വർഷമായി കാൻസർ ബാധിതനായിരുന്നു. വിനയാന്വിതനായി ചെറുപുഞ്ചിരിയോടെയായിരുന്നു ആരെയും എതിരേറ്റിരുന്നത്. രോഗികളെയും ദുർബലരെയും സഹായിക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. കോട്ടയം മഹാത്മാ ഗാന്ധി യൂനിവേഴ്സിറ്റിയിലെ പ്രസ്ഥാന പ്രവർത്തനങ്ങളിലും സജീവമായി പങ്കുകൊണ്ടു. സംവാദവേദികൾ സംഘടിപ്പിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു. ഭാര്യക്കും പറക്കമുറ്റാത്ത മൂന്നു പെൺമക്കൾക്കും അദ്ദേഹത്തിന്റെ വേർപാട് മൂലം ഉണ്ടായ വേദനകൾക്ക് സമാശ്വാസം നൽകി അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹത്തെയും നമ്മെയും അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കുമാറാകട്ടെ - ആമീൻ.

**സ്വലാഹുദ്ദീൻ, ചേരാവള്ളി**